

# പൂമൊട്ടുകൾ

## കണ്ണാടി

അമ്മ കണ്ണാടിയുടെ മുന്നിൽ തന്നെയാണ്. മക്കൾ രണ്ടുപേരും അമ്മയെയും കാത്ത് ഹാളിൽ ഇരിക്കുകയാണ്.

ഇളയവളുടെ മുഖത്തൊരു വിഷമമുണ്ട്. അവൾ കളിച്ചുകൊണ്ടിരിക്കുന്ന ഗെയിമിലെ രണ്ടാം ലെവലിൽ എത്താൻ പറ്റാത്തതുകൊണ്ടാണോ എന്നറിയില്ല. മൂത്തവൻ തന്റെ പുതിയ ഷൂസ് തുടച്ചു വൃത്തിയാക്കുന്നു.

അമ്മക്കാണെങ്കിലോ, റോസ്പൗഡർ എത്ര ഇട്ടിട്ടും മതിയാവുന്നില്ല. ഇനി കണ്ണെഴുതാൻ കൂടിയുണ്ട്.

അര മണിക്കൂർ മുമ്പാണ് ഭർത്താവ് തന്റെ അമ്മ മരിച്ച വിവരം ഭാര്യയെ വിളിച്ചറിയിച്ചത്.

പുറത്ത് കാർ വെയിറ്റ് ചെയ്യും, വേഗം റെഡിയായി നിൽക്കാൻ പറഞ്ഞ് വാട്ട്സപ്പ് മെസേജ് വന്നു. അമ്മ വേഗത്തിൽ ഇറങ്ങാൻ മക്കളോട് പറഞ്ഞു. തൂവാല എടുക്കാൻ മറന്നില്ല. മക്കൾ രണ്ടുപേരും ചാടിയെഴുന്നേറ്റു.

പെട്ടെന്നമ്മ എന്തോ മറന്നെന്ന പോലെ തിരിച്ച് റൂമിലേക്കോടി.. എന്നിട്ട് അലമാരയിൽ സൂക്ഷിച്ചുവെച്ചിരുന്ന ഗ്ലിസറിന്റെ ഒരു കുപ്പിയെടുത്ത് ബാഗിലേക്കിട്ടു.

**അസ്ന എസ്.എം**
പ്ലസ് വൺ സയൻസ്
ഗവ.ഗേൾസ് എച്ച്.എസ്.എസ്, നെടുമങ്ങാട്
തിരുവനന്തപുരം

## മനുവിന്റെ വികൃതി

മഹാവികൃതിയായ കുട്ടിയായിരുന്ന മനു. മൂത്തവർ പറയുന്നതൊന്നും അവൻ കേൾക്കില്ല. ഒരു ദിവസം മനുവും ചേച്ചിയും സ്കൂൾ വിട്ട് വീട്ടിലേക്ക് വരികയായിരുന്നു. കുറച്ചു ദൂരം കഴിഞ്ഞപ്പോൾ മനു പിറകിലേക്ക് നടക്കാൻ തുടങ്ങി. മുന്നിലേക്ക് നോക്കി പിന്നിലേക്ക് നടക്കുന്ന ഈ കളി നല്ലതല്ലെന്ന് ചേച്ചി പറഞ്ഞിട്ടും അവൻ അത് കേട്ടില്ല.

പെട്ടെന്നാണ് മനു വഴിയരികിലുള്ള കുളത്തിലേക്ക് വീണത്.

വെള്ളത്തിൽ കൈകാലിട്ടടിക്കുന്ന മനുവിനെ കണ്ട് ചേച്ചി നിലവിളിച്ചു. തൊട്ടടുത്ത വീട്ടിൽ നിന്ന് ഒരാൾ ഓടിയെത്തി . പെട്ടെന്ന് അയാൾ വെള്ളത്തിലേക്ക് ചാടി മനുവിനെ രക്ഷപ്പെടുത്തി.

പിന്നീട് ഒരിക്കലും മനു വികൃതി കാണിച്ചിട്ടില്ല.

**ഫഹ്മ ഫഹ്‌രി കെ. എഫ്**
ക്ലാസ് 2, ദാറുസ്സലാം എൽ.പി സ്കൂൾ,
ചാലക്കൽ



**ദിന സാബിക്ക് എം.കെ**, ക്ലാസ്- 4
ഗുഡ് ഹോപ് സ്കൂൾ, നിലമ്പൂർ



**ഫാത്തിമ ജുമാന**, ക്ലാസ്- 7
നാരായണ വിലാസം എ.യു.പി സ്കൂൾ, എരുവട്ടൂർ

# ഓമൽ പക്ഷി

ഒരോമൽ പക്ഷിയേ നിന്റെ
പാട്ടു കേൾക്കാൻ എന്തു രസം!
ഓമൽ പക്ഷിയേ നിന്റെ പാട്ടുകേട്ട്
ഉറങ്ങാനാണെനിക്കിഷ്ടം.
നീ പാട്ടു പാടുമ്പോൾ എൻ
അമ്മയെയാണ് എനിക്ക് ഓർമ്മ വരുന്നത്
താരാട്ടു പാടി നീയെന്നെയും ഉറക്കൂ..
നിന്റെ മധുരമായ ശബ്ദത്തിൽ
ഞാൻ അലിഞ്ഞുപോകുന്നിതാ..
ഓമൽ പക്ഷിയേ നിനക്കെന്റെ
സുഹൃത്ത് ആകാമോ..!

**ഹന ഹാരിസ്**, ക്ലാസ് 7
ജി.എം.യു.പി.എസ്, കുണ്ടഴിയൂർ



**തമന്ന. എ. എം**, ക്ലാസ് - 4
ജി.യു.പി.എസ്, പടിഞ്ഞാറ്റുംമുറി, കക്കോടി



**ഫഹീം അൻവർ പി. പി**, ക്ലാസ്- 4
ജി.എച്ച്.എസ്.എസ്, ചെറുവാടി



**ഹാദിയ ജാസിർ**, ക്ലാസ്- 7
ഐഡിയൽ പബ്ലിക് സ്കൂൾ, കുറ്റ്യാടി




## ബന്ധങ്ങളിലെ കാപട്യം

നമ്മുടെ കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന അപചയത്തിന്റെയും കാപട്യത്തിന്റെയും മുഖം വെളിവാക്കുന്ന മനോഹരമായ കഥയാണ് 'കണ്ണാടി'. ഭർത്താവിന്റെ അമ്മയുടെ മരണവിവരമറിഞ്ഞ് അങ്ങോട്ട് പുറപ്പെടാൻ ഒരുങ്ങുന്ന ഒരു സ്ത്രീയുടെയും മക്കളുടെയും യഥാർത്ഥ വിവരണത്തിലൂടെയാണ് കഥ സഞ്ചരിക്കുന്നത്. ഏറ്റവും ബന്ധപ്പെട്ടയാളുടെ മരണ വിവരമറിഞ്ഞിട്ടും കുട്ടികളിലൊരാൾ കമ്പ്യൂട്ടർ ഗെയിമിന്റെ ലഹരിയിലാണ്. മറ്റയാൾ പുതിയ ഷൂ മിനുക്കുന്ന തിരക്കിലും. അവരുടെ അമ്മയാകട്ടെ മേക്കപ്പിന്റെ സ്വയം ലാളനത്തിലും... ഒടുവിൽ ആ സ്ത്രീ പുറത്തിറങ്ങുമ്പോൾ ഒരു ഗ്ലിസറിൻ കുപ്പി കൂടി കൈയിൽ കരുതുന്നു. ആക്ഷേപഹാസ്യത്തിലൂടെ പുതിയ കാലത്തെ ബന്ധങ്ങളുടെ കാപട്യങ്ങളെ കാണിച്ചു തന്ന് നമ്മെ ഞെടുക്കുന്നു ഈ കഥ.

• സസ്നേഹം മാഷ്